# കടൽ കടന്നൊരു മാത്തുക്കുട്ടി

രാജു മൈലപ്രാ

**അ**ങ്ങിനെ കണ്ണടച്ചു തുറക്കുന്നതിനു മുൻപ് നവംബറിങ്ങെത്തി. പതിവില്ലാതെ കൊടും തണുപ്പിനെയും കൂട്ടുപിടിച്ചാണ് വരവ്.

ഞങ്ങളുടെ താമസസ്ഥലത്തിനടുത്തു മനോഹരമായ ഒരു പാർക്കുണ്ട്. വേനൽക്കാലത്തു ഞാനും ഭാര്യ പുഷ്പയും അവിടെ നടക്കുവാൻ പോകാറുണ്ട്.

"നീ മുന്നേ നടന്നോ- ഞാൻ പിറകേ എത്തിയേക്കാം". എന്നു പറഞ്ഞിട്ട് തടാകക്കരയിലുള്ള ഏതെങ്കിലും ഒരു ബഞ്ചിലിരിക്കുകയാണ് എന്റെ പതിവ്.

അങ്ങിനെ ഒരു ദിവസം പതിവുപോലെ ഞാൻ ബെഞ്ചിലിരിക്കുകയായിരുന്നു. പുഷ്പയും നടത്തം കഴിഞ്ഞ് എന്നോടൊപ്പം അവിടെയിരുന്നു.

തടാകത്തിന്റെ മറുകരയിൽ കൂടി ഒരു മലയാളി നടന്നുപോകുന്നു. വെള്ളനിക്കറും, വരയൻ ബനിയനും, ഒരു തൊപ്പിയുമാണു വേഷം. കറങ്ങിത്തിരിഞ്ഞു അദ്ദേഹം ഞങ്ങളുടെ അടുത്തെത്തി. അടുത്തുവന്നപ്പോഴാണ് ആളിനെ മനസ്സിലായത്. നമ്മുടെ മർത്തോമ്മാക്കാരൻ മാത്തുക്കുട്ടി.

ഞങ്ങളെ കണ്ടപ്പോൾ മാത്തുക്കുട്ടി വെളുക്കെ ചിരിച്ചു.

"എന്താ രണ്ടുപേരും കൂടി ഇവിടെയിരിക്കുന്നത്?"

"ഇന്നത്തെ നടത്തം മതിയാക്കി. വെറുതേ ഇരുന്നതാണ്."

"സാധാരണ ഇവിടെ നടക്കാൻ വരുമോ?"

"വല്ലപ്പോഴുമൊക്കെ."

"ഞാൻ കഴിഞ്ഞ ഏപ്രിലിൽ റിട്ടയർമെന്റ് എടുത്തു."

മാത്തുക്കുട്ടി ചെറിയൊരു സംഭാഷണത്തിനു തുടക്കമിടുകയായാണെന്നു എനിക്കു മനസ്സിലായി. "മിക്കവാറും ദിവസം ഇവിടെ വരും. വീട്ടിലിരുന്നാൽ ഉറക്കം വരും. പിന്നെ രാത്രിയിൽ തീരെ ഉറങ്ങുവാൻ പറ്റുകയില്ല. ഞായറാഴ്ച പിന്നെ പള്ളീം പട്ടക്കാരനുമായിയൊക്കെ നടക്കും." മാത്തുക്കുട്ടി ഒന്നു നിർത്തിയിട്ട് ഒരു പതിവു മലയാളിയുടെ ചോദ്യം എറിഞ്ഞു

"നിങ്ങളേതു പള്ളിയിലാ പോകുന്നതു?"

"അങ്ങനെ പ്രത്യേകിച്ചൊന്നുമില്ല. സൗകര്യം കിട്ടുന്നിടത്തൊക്കെ പോകും. എന്തെല്ലാം കള്ളത്തരങ്ങളാണ് ചിലിടത്തൊക്കെ നടക്കുന്നത്? ചിലതൊക്കെ കാണുമ്പോൾ മടുപ്പു തോന്നും." നൂറു ശതമാനം പള്ളിഭക്തയായ എന്റെ ഭാര്യ നടുവീർപ്പെട്ടു.

"ആരെന്തു കാണിച്ചാലും നമ്മളു പള്ളിക്കും, പട്ടക്കാർക്കുമെതിരായി ഒന്നും പറയരുത്. അവരു കേൾക്കാതെ വല്ലതും പറയുന്നതിൽ തെറ്റില്ല. അവരുടെ വയറ്റിപ്പിഴപ്പല്ലിയോ? അവർ പറയുന്ന നല്ല കാര്യങ്ങൾ സ്വീകരിക്കുക. വേണ്ടാത്തതു വിട്ടുകളയുക." മാത്തുക്കുട്ടിയിലെ ഉപദേശി ഉണർന്നു.

"അതിനു അച്ചന്മാരോടോ, തിരുമേനിമാരോടോ ഞങ്ങൾക്കൊരു പിണക്കവുമില്ല. അവരോട് അങ്ങേയറ്റം സ്നേഹബന്ധവും ബഹുമാവുമാണ്. അവരോടൊപ്പം കൂടെ നിൽക്കുന്ന ചില സിൽബന്ധികളാണു കള്ളത്തരം കാണിക്കുന്നത്. അവരാണു അച്ചന്മാരുടെ പേരു കളയുന്നത്.' ഞങ്ങൾ നയം വ്യക്തമാക്കി.

"രാജു, ഞാനൊരു സത്യം പറയാം. മാത്തുക്കുട്ടി സ്വരം താഴ്ത്തി ചുറ്റും നോക്കി. ഞാനും ദൈവവുമായി Direct ബന്ധമാണ്."

"മനസ്സിലായില്ല." മാത്തുക്കുട്ടിയോട് ഇരിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു.

"വേണ്ടാ- ഇരുന്നാൽ ഇരുന്നുപോകും."

"ഇതുകേൾക്ക്- പണ്ടു സംസാരിക്കുമ്പോൾ എനിക്കു നല്ല വിക്കുണ്ടായിരുന്നു. നമ്മുടെ ചെറിയ ക്ലാസിലൊക്കെ പദ്യം കാണാതെ പഠിച്ച് ക്ലാസിൽ ചൊല്ലണമായിരുന്നല്ലോ! ഞാനെല്ലാം ശരിക്കു കാണാതെ പഠിക്കും. പക്ഷേ സാറു ചോദ്യം ചോദിച്ച് എന്റെയടുക്കൽ വരുമ്പോഴേക്കും നാവിറങ്ങിപ്പോകും. പദ്യം ചൊല്ലുമ്പോൾ വിക്കിപ്പോകുമോ എന്നൊരു പേടി. മറ്റു കുട്ടികളൊക്കെ കളിയാക്കുമോ എന്നൊരു പേടി. പിൻ ബെഞ്ചിലിരിക്കുന്ന കുട്ടികൾ 'വിക്കൻ മാത്തു' എന്നു വിളിക്കുന്നതു കേൾക്കുമ്പോൾ ചങ്കു തകരും.

പക്ഷേ, പരീക്ഷകളിലൊക്കെ വലിയ തരക്കേടില്ലാതെ വിജയിച്ചു. വിവാഹം കഴിഞ്ഞു. അമേരിക്കയിൽ എത്തി. ടെസ്റ്റുകളിലൊക്കെ പാസ്സായി, ട്രാൻസിറ്റ് അതോറിറ്റിയിൽ സൂപ്പർവൈസർ പദവി വരെ എത്തി. കൂട്ടുകാരൊക്കെ തമാശ പറഞ്ഞു പൊട്ടിച്ചിരിക്കുമ്പോൾ, അതിലും വലിയ തമാശകൾ മനസ്സിൽ വരാറുണ്ട്. പക്ഷേ അവതരിപ്പിക്കാനൊരു പേടി. ഇടയ്ക്കു വാക്കുകൾ തടയുമോ എന്ന വേവലാതി.

ഒരുപാടു രാത്രികളിൽ ആരും കാണാതെ ഞാൻ പൊട്ടിക്കരഞ്ഞിട്ടുണ്ട്. അപ്പോഴാണു ദൈവത്തിന്റെ ഇടപെടലിനെക്കുറിച്ച് ആരോ പറഞ്ഞത് ഓർമ്മ വന്നത്. ഞാൻ മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിച്ചു. "ദൈവമേ, എന്റെ വിക്കു മാറ്റിത്തരേണമേ! മാറ്റിത്തന്നേ പറ്റൂ- മാറ്റിത്തരാതെ ഞാൻ നിന്നെ വിടില്ല." എന്റെ അപേക്ഷ ഡിമാന്റായി.

"നീ പള്ളിയിൽ പോകാറുണ്ടോ?" എവിടെ നിന്നോ ദൈവത്തിന്റെ ശബ്ദം. "പള്ളിയിൽ പോകുമ്പോൾ വിശുദ്ധ വേദപുസ്തകം കൈയിലെടുക്കാറുണ്ടോ?"

"ഇല്ല."

"എന്നാൽ ഇനിമുതൽ പള്ളിയിൽ പോകുമ്പോൾ വേദപുസ്തകം കൈയിലെടുക്കണം. പുരോഹിതന്മാരുടെ പ്രസംഗം ശ്രദ്ധിച്ചു കേൾക്കണം. നിന്നെ സ്പർശിക്കുന്ന വിഷയങ്ങൾ എഴുതിയെടുക്കണം. മറ്റുള്ളവർ എന്തു കരുതുമെന്നു കരുതി വേവലാതിപ്പെടരുത്."

"എന്റെ പൊന്നു രാജു, പുഷ്പേ, ഞാനതുപോലെ ചെയ്തു. പറഞ്ഞാൽ വിശ്വസിക്കുകയില്ല. എന്റെ വിക്ക് പരിപൂർണ്ണമായും മാറി. എനിക്കു നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കുവാൻ വേണ്ടി ഞാനിപ്പോൾ ആവശ്യത്തിലധികം സംസാരിക്കാറുണ്ട്. എനിക്കു വട്ടുപിടിച്ചോ എന്നു ചിലർക്ക് സംശയമുണ്ട്. എന്റെ ഭാര്യ പോലും പറയുന്നത് ആ പഴയ വിക്കുള്ള സമയമായിരുന്നു നല്ലതെന്ന്." മാത്തുക്കുട്ടി ഹൃദയം നിറഞ്ഞു ചിരിച്ചു.

"നിങ്ങൾക്ക് ബോറടിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഒരു കാര്യം കൂടി പറഞ്ഞു ഞാൻ നിർത്തിക്കൊള്ളാം." മാത്തുക്കുട്ടി മുൻകൂർ ജാമ്യം എടുത്തു.

"ധൃതിയൊന്നുമില്ല. പറഞ്ഞോളൂ." സത്യം പറഞ്ഞാൽ എനിക്കു അയാളുടെ സംസാരം കേട്ടിരിക്കുന്നതിൽ രസം പിടിച്ചുതുടങ്ങിയിരുന്നു.

"രാജുവിനു വിവരവും വിദ്യാഭ്യാസവുമുള്ളതുകൊണ്ടു മാത്രം പറയുകയാ.- അല്ലാതെ കണ്ട ആപ്പ ഊപ്പയോടൊന്നും ഞാൻ ആവശ്യമില്ലാതെ സംസാരിക്കാറില്ല." കൂട്ടത്തിൽ എന്നെ ഒന്നു കിളത്തുവാൻ മാത്തുക്കുട്ടി മറന്നില്ല. മാത്തുക്കുട്ടിയുടെ 'ആപ്പ-ഊപ്പ' ലിസ്റ്റിൽ എന്റെ പേരില്ലല്ലോ

എന്നോർത്തപ്പോൾ എനിക്കഭിമാനം തോന്നി.

"നീ കേട്ടോടീ പുല്ലേ, ആമ്പിള്ളാർ എന്നെക്കുറിച്ച് പറയുന്നത്? നിനക്കാണല്ലോ എന്നെ വലിയ പുച്ഛം?" ആ ചോദ്യം എന്റെ ഭാര്യയോട് ഞാൻ മനസ്സിൽ ചോദിച്ചതാണ്.

"ഇതു കേക്ക്"– മാത്തുക്കുട്ടി ഞങ്ങളുടെ ശ്രദ്ധ വീണ്ടും ക്ഷണിച്ചു.

"നാലഞ്ചു തവണ എഴുതിയിട്ടും എന്റെ പെണ്ണുംപിള്ളക്ക് RN ലൈസൻസ് കിട്ടിയില്ല." കൂട്ടുകാരുടെ ഭാര്യമാർക്ക് എല്ലാവർക്കും ലൈസൻസ് കിട്ടി. അവന്മാർക്കൊക്കെ ഒരു അഹങ്കാരം.

"എന്താടോ, തന്റെ പെണ്ണുംപിള്ള മാത്രം ടെസ്റ്റു പാസ്സാകാത്തത്?"

വീണ്ടും മുറിയിൽ കയറി കതകടച്ചു കണ്ണീരോടെ പ്രാർത്ഥിച്ചു.

"അപേക്ഷ കേൾക്കുന്നവനെ, എന്നെ ഉപേക്ഷിക്കരുതേ– അത്തവണ അവൾക്ക് ലൈസൻസ് കിട്ടി. ദൈവം വലിയവനാണു രാജു."

"എന്നാൽ ഞങ്ങൾ പോവുകയാ മാത്തുക്കുട്ടി. കുഞ്ഞിനെ സ്കൂളിൽ നിന്നും പിക്ക് ചെയ്യണണം." പുഷ്പയ്ക്ക് സംഭാഷണം നീട്ടുന്നതിൽ വലിയ താത്പര്യം ഇല്ലെന്ന് എനിക്കു മനസ്സിലായി.

"ഈയിടെങ്ങാനും നാട്ടിൽ പോകുന്നുണ്ടോ?" ലാസ്റ്റ് ക്വസ്റ്റ്യൻ

"മിക്കവാറും അടുത്തമാസം പോകും. ഒരു നീണ്ട അവധി."

"എന്റെ രാജു, ഞാൻ നാട്ടിൽ ഒന്നാന്തരം ഒരു വീടു വെച്ചിട്ടുണ്ട്. അവിടെ കുറേനാൾ പോയി താമസിക്കണമെന്നുണ്ട്. പക്ഷേ നടക്കുന്നില്ല." മാത്തുക്കുട്ടിയുടെ നിരാശ ഒരു നെടുവീർപ്പായി പുറത്തുവന്നു.

"അതെന്താ?" ഞാൻ കാരണം തിരക്കി. തിരക്കണമല്ലോ! "ഇളയ പയ്യന്റെ കല്ല്യാണം കഴിയാതെ റിട്ടയർമെന്റ് എടുക്കില്ലെന്ന വാശിയിലാണ് ഭാര്യ. ഒരു വല്യമ്മയാണെന്നു മരുമകൾ കരുതിയാലോ എന്നവൾക്കൊരു പേടി. അതുകൊണ്ട് അവിടെയുമിവിടെയുമൊക്കെ കളറടിച്ച് വലിഞ്ഞ് വലിഞ്ഞ് അവൾ ജോലിക്കു പോകുന്നുണ്ട്."

"പിന്നൊരു കാര്യം– ദൈവകൃപയാൽ ഇവിടെയും നാട്ടിലും ഇഷ്ടംപോലെ സ്വത്തുണ്ട്. യനിങ്ങൾ പറഞ്ഞാൽ വിശ്വസിക്കുകയില്ല. എല്ലാത്തിനും അസൂയയാ. രണ്ടു BMW-യും ഒരു ബെൻസും ഉണ്ടെന്നൊക്കെ പറഞ്ഞിട്ട് എന്തുകാര്യം? അനുഭവിക്കാനുമൊരു യോഗം വേണം. ഇതൊന്നും നമ്മൾ ആരോടും പറഞ്ഞോണ്ടു നടക്കരുത്. അതു ദൈവത്തിനിഷ്ടമല്ല. നിങ്ങളോടായതുകൊണ്ടു ഞാൻ പറഞ്ഞതാണ്."

"അയ്യോ– കുഞ്ഞിനെ പിക്കു ചെയ്യണ്ടായോ? നിങ്ങളു പൊയ്ക്കോ!"

ഞങ്ങൾക്ക് യാത്രാനുമതി നൽകിയിട്ട് മാത്തുക്കുട്ടി വീണ്ടും നടന്നുതുടങ്ങി.

***********